(എ)&(ബി) നഗരസഭാ പ്രദേശങ്ങളിലെ മറ്റു മാലിന്യങ്ങൾ സത്വരമായി നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്ക്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും കാരണം ഈ പ്രവർത്തനം തൃപ്തികരമായി നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്.

(സി) എലിപ്പനിപോലെയുള്ള പകർച്ചവ്യാധികൾ ചില പ്രദേശങ്ങളിൽ പടരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

19 (*135) പരമ്പരാഗത വ്യവസായങ്ങൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ മേഖലകളിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കടന്നുകയറിയിട്ടുണ്ടോ;

(സി) എങ്കിൽ അത് എന്തെങ്കിലും പ്രശ്നം സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) പരമ്പരാഗത വ്യവസായ മേഖല പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കയർ, കൈത്തറി, ഈറ്റ, ഓട്, പരമ്പ്, കരകൗശലം, സെറികൾച്ചർ, കശുവണ്ടി എന്നീ വ്യവസായങ്ങളെയാണ് പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ശാസ്ത്ര സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.†

(ഡി) പരമ്പരാഗത വ്യവസായ പരിപോഷണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ കാണാവുന്നതാണ്.†

20 (*136) പുറമ്പോക്ക് ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം.വി. ജയരാജൻ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമികളിൽ വർഷങ്ങളായി താമസിച്ചു വരുന്ന കൈവശക്കാർക്ക് പ്രസ്തുത ഭൂമി പതിച്ചുനൽകുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) കൈവശഭൂമി പതിച്ചുനൽകുന്നതിനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്ന പാവപ്പെട്ട കൈവശക്കാർക്ക് പലവിധത്തിലുള്ള തടസ്സങ്ങൾ പറഞ്ഞ് ഭൂമി പതിച്ചുനൽകാതിരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ പാവപ്പെട്ടവരെ പീഡിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ താലൂക്കിലുമുള്ള റവന്യൂ പുറമ്പോക്ക് കൈവശക്കാരുടെ ലിസ്റ്റ് എടുക്കുന്നതിനും അവർക്ക് സമയബന്ധിതമായി ഭൂമി പതിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്തെ സർക്കാർ പുറംപോക്ക് ഭൂമികളിൽ താമസിക്കുന്ന എല്ലാ അർഹരായ കൈവശക്കാർക്കും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് സമയബന്ധിതമായി പട്ടയം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടയം നൽകുന്ന നടപടി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും പ്രതിനിധികളുമടങ്ങുന്ന ഭൂമി പതിവ് കമ്മിറ്റികൾ താലൂക്ക് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി)&(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും, 1995ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമി പതിച്ചു നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രകാരവുമാണ് ഇപ്രകാരം പുറംപോക്ക് സ്ഥലങ്ങൾ കൈവശക്കാരന് പതിച്ചുകൊടുക്കുന്നത്. ഇതനുസരിച്ച് പതിച്ചുനൽകുന്നതിന് ലഭ്യമായ ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം, ഭൂമി പതിച്ചു ലഭിക്കേണ്ടതിലേയ്ക്കായി കിട്ടിയിട്ടുള്ള അപേക്ഷകളിൻമേൽ ഭൂമിപതിവു കമ്മിറ്റികളുടെ ശുപാർശ അനുസരിച്ച് അർഹതയുള്ളവർക്കു് പതിച്ചുനൽകുന്നു. നിലവിലുള്ള എല്ലാ പതിവ് അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടു്.

21 (*137) മലയോരകർഷകർക്ക് പട്ടയവിതരണം

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly